പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1898

22.03.2012-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ബോധവൽക്കരണം

**ചോദ്യം** | **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" കെ. അച്ചുതൻ<br>" വി. റ്റി. ബൽറാം<br>" അൻവർ സാദത്ത് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേരളത്തിൽ മത്സ്യ ബന്ധനത്തിന് പോകുന്ന 7262 മത്സ്യബന്ധനയാന ഉടമകൾക്ക് (യന്ത്രവൽകൃത വള്ളങ്ങൾക്ക്) ലൈഫ് ബോയ്, റഡാർ റിഫ്ളക്ടർ, കോമ്പസ്, ഹീലിയോഗ്രാഫ്, റേഡിയോ ബീക്കൺ, ഫിഷിംഗ്-കം-എമർജൻസി ഫ്ളാഷ് ലൈറ്റ്, ഫസ്റ്റ് എയിഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, ജാക്ക്നൈഫ്, കന്നാസ് എന്നീ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെട്ട "കടൽ സുരക്ഷാ കിറ്റുകൾ" സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/ പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി എന്നീ പദ്ധതികൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടെ രക്ഷാപ്രവർത്തനം നടത്തുന്നതിന് അഞ്ച് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിന്റെ പട്രോൾ ബോട്ടുകൾ ഉപയോഗപ്പെടുത്തുന്നു. കൂടാതെ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവയുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | മത്സ്യമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ കാലങ്ങളായി സുരക്ഷാഭീഷണി നേരിടുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ സുരക്ഷിതത്വം നൽകുവാൻ ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകുമോ; | (സി) & (ഡി) | ഫിഷറീസ് വകുപ്പും, കോസ്റ്റ് ഗാർഡും ബോധവൽകരണ പരിപാടികൾ നടത്താറുണ്ട്. കൂടാതെ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം അപകടരഹിത മത്സ്യബന്ധനത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി നല്കിയിട്ടുമുണ്ട്. |
| (ഡി) | ശരിയായ ബോധവൽക്കരണത്തിന്റെ അഭാവം ഈ മേഖലയിൽ അപകട നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | | |
| (ഇ) | മത്സ്യത്തൊഴിലാളികൾ നേരിടുന്ന സുരക്ഷാഭീഷണി ലഘൂകരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.03.2012-ന് ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. 60 നോട്ടിക്കൽ മൈലിനപ്പുറത്തുകൂടി മാത്രമേ കപ്പലുകൾ സഞ്ചരിക്കാൻ പാടുള്ളുവെന്ന നിർദ്ദേശം നൽകാൻ ഷിപ്പിംഗ് ഡെപ്യൂട്ടി ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. കൂടാതെ കടലിൽ കപ്പലുകൾ പാലിക്കേണ്ട നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ കോസ്റ്റ് ഗാർഡിനെ ചുമതലപ്പെടുത്തി. കേരളതീരം അപകടരഹിത മേഖലയാണെന്ന് കപ്പലുകളെ അറിയിക്കാൻ നിർദ്ദേശിച്ചു. കൊച്ചിയിൽ മത്സ്യത്തൊഴിലാളി സുരക്ഷാ മോണിറ്ററിംഗ് സെൽ രൂപവത്ക്കരിക്കാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ